കേരള സർക്കാർ

# ധനകാര്യ (പി എ സി-ബി) വകുപ്പ്

**നമ്പർ 49/2016/ധന.** *തിരുവനന്തപുരം, തീയതി 2016 മെയ് 25.*

## സർക്കുലർ

വിഷയം:—മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16) പത്താമത് റിപ്പോർട്ടിലെ പത്താമത് ഖണ്ഡിക—അടിയന്തിര നടപടി—സംബന്ധിച്ച്.

സൂചന:—1. 6-3-2015-ലെ 27/2015/ധന. നമ്പർ സർക്കുലർ.
2. 3-7-2015-ലെ 64/2015/ധന. നമ്പർ സർക്കുലർ.

2013-ലെ കമ്പനീസ് ആക്ട്, 1971-ലെ C&AG യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച നിയമത്തിലെ സെക്ഷൻ 19 എ, 619 എ, പാർലമെന്ററി നടപടിക്രമം എന്നിവ പ്രകാരം എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും കമ്പനികളും സഹകരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും മറ്റ് ചട്ടങ്ങളിലോ നിയമത്തിലോ മറിച്ച് വ്യവസ്ഥചെയ്യാത്ത പക്ഷം വർഷാവസാനം തൊട്ട് ഒമ്പത് മാസത്തിനകം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതുണ്ട്. പ്രസ്തുത സമയക്രമം പാലിക്കാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട ഭരണവകുപ്പ് പ്രസ്തുത സമയക്രമം കഴിഞ്ഞ് ഒരുമാസത്തിനകമോ സഭകൂടുന്ന സമയത്തോ ഏതാണ് ആദ്യം വരുന്നത് ആ സമയപരിധിക്കുള്ളിൽ സമയക്രമം പാലിക്കാത്തതിന്റെ വിശദീകരണസഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016) യുടെ പത്താമത് റിപ്പോർട്ട് പ്രകാരം ഭൂരിഭാഗം സ്ഥാപനങ്ങളും നിയമപ്രകാരം തയ്യാറാക്കേണ്ട വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കുന്നില്ല. വാർഷിക റിപ്പോർട്ടുകളും കണക്കുകളും തയ്യാറാക്കിയ സ്ഥാപനങ്ങളിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ലഭ്യമാക്കാത്ത സ്ഥാപനങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)യുടെ പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

[മറുപുറം

(1) സർക്കാരിൽനിന്നും ഒറ്റത്തവണയായി 50 ലക്ഷം രൂപയോ അതിൽ കൂടുതലോ സാമ്പത്തിക സഹായം ലഭിക്കുന്ന സന്നദ്ധ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾ ആവർത്തികമായി 25 ലക്ഷം രൂപയോ അതിലധികമോ സാമ്പത്തികസഹായം ലഭിക്കുന്ന സന്നദ്ധ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ അവയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലെങ്കിൽപ്പോലും സമയബന്ധിതമായി മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

(2) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണസ്ഥാപനങ്ങളുടേയും കമ്പനികളുടേയും രൂപീകരണവുമായി ബന്ധപ്പെട്ട ചട്ടങ്ങളിലും നിയമങ്ങളിലും ഇതു സംബന്ധിച്ച ഭേദഗതി വരുത്തേണ്ടതാണ്.

(3) ഓഡിറ്റിംഗിലും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ധനകാര്യവകുപ്പ് യഥാസമയം നിരീക്ഷിക്കുകയും യുക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമാണ്.

ബി. ശ്രീനിവാസ്,

*പ്രിൻസിപ്പൽ സെക്രട്ടറി*
*(ഫിനാൻസ് എക്സ്പെൻഡിച്ചർ).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ.), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.

എല്ലാ സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.

നോഡൽ ഓഫീസർ www.finance.kerala.gov.in